## പതിമൂന്നാം കേരളനിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.301

08.06.2015 ന് മറുപടിയ്ക്ക്.

**വന്യമൃഗങ്ങളാൽ കൊല്ലപ്പെടുന്നവരുടെ കുടുംബത്തിന് വനം വകുപ്പിന്റെ ധനസഹായം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.കെ.ബഷീർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
| (എ) വനത്തിലും പരിസര പ്രദേശങ്ങളിലും പാമ്പ് കടിയേറ്റും വന്യമൃഗങ്ങളുടെ ആക്രമണത്താലും മരിക്കുന്നവരുടെ കുടുംബത്തിന് വനം വകുപ്പ് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ; വിശദാംശം നൽകുമോ ; | (എ) വന്യജീവികളുടെ ആക്രമണം മൂലം മരണപ്പെട്ടവരുടെ കുടുംബത്തിന് വനംവകുപ്പ് നിലവിൽ നഷ്ടപരിഹാരമായി അഞ്ച് ലക്ഷം രൂപ നൽകിവരുന്നു. അതേ സമയം മരണം സംഭവിച്ചത് വനത്തിന് പുറത്തുവച്ച് പാമ്പ് കടി മൂലമാണെങ്കിൽ മരണപ്പെട്ടവരുടെ കുടുംബത്തിന് നഷ്ടപരിഹാരമായി ഒരു ലക്ഷം രൂപയാണ് നൽകുന്നത്. |
| (ബി) പ്രസ്തുത ധനസഹായങ്ങൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ? | (ബി) സംഭവം നടന്ന തീയതി മുതൽ മൂന്ന് മാസത്തിനകം അപേക്ഷകൻ നിശ്ചിത ഫോറത്തിലുള്ള അപേക്ഷ സ്ഥലത്തെ അധികാര പരിധിയിലുള്ള റെയിഞ്ച് ഓഫീസർക്ക് /അസി. വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. റെയിഞ്ച് ഓഫീസർ /അസി. വൈൽഡ് ലൈഫ് വാർഡൻ മതിയായ അന്വേഷണം നടത്തി ലഭ്യമാക്കുന്ന ശുപാർശയിന്മേൽ അനന്തരാവകാശ സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/ വൈൽഡ് ലൈഫ് വാർഡൻ അർഹമായ നഷ്ടപരിഹാരം അനുവദിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ